വഴിവെളിച്ചം

# മൂന്ന് സ്വർഗീയ ഭവനങ്ങൾ

عَن أَبِى أُمَامَةَ الْبَاهِلِى رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: "أَنَا زَعِيمٌ بِبَيْتٍ فِى رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِراءَ وَإِنْ كَانَ مُحِقًّا، وَ بِبَيْتٍ فِى وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ مَازِحًا، وَ بِبَيْتٍ فِى أَعْلَى الْجَنَّةِ لِمَنْ حَسُنَ خُلُقُهُ"

**അബൂ ഉമാമ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: തർക്കം വെടിയുന്നവന് സ്വർഗത്തിന്റെ ഒരു ഭാഗത്ത് ഭവനം നൽകാമെന്ന് ഞാനേൽക്കുന്നു; അവൻ തർക്കിക്കുന്നത് സത്യത്തിന് വേണ്ടിയാണെങ്കിലും. കള്ളം ഉപേക്ഷിക്കുന്നവനും സ്വർഗത്തിന്റെ നടുവിൽ ഭവനം നൽകാമെന്ന് ഞാനേൽക്കുന്നു; അവൻ (കളവ് പറയുന്നത്) തമാശയായിട്ടാണെങ്കിലും. സൽസ്വഭാവിക്ക് സ്വർഗത്തിന്റെ ഉപരിഭാഗത്ത് ഭവനം നൽകാമെന്നും ഞാനേൽക്കുന്നു.** (അബൂദാവൂദ് ഉദ്ധരിച്ചത്. നിവേദക പരമ്പര പ്രബലം)

**നാമോരോരുത്തരും** വ്യക്തിപരമായും സമുദായം പൊതുവിലും ഗൗരവപൂർവം കണക്കിലെടുക്കേണ്ട മൂന്ന് സുപ്രധാന കാര്യങ്ങളാണ് ഈ തിരുവചനത്തിൽ. പക്ഷേ ഇത്തരം ഹദീസുകൾ കണ്ടിട്ടേയില്ല എന്ന മട്ടിലാണ് നമ്മുടെ പെരുമാറ്റം. നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് ഹദീസിന്റെ ഉള്ളടക്കത്തിന് നേർ വിരുദ്ധ ദിശയിലാണെന്നർഥം.

തർക്കം ഒഴിവാക്കുന്നവന് സ്വർഗത്തിൽ ഒരു ഭവനം നൽകാമെന്നാണ് പ്രവാചകന്റെ ഒന്നാമത്തെ വാഗ്ദാനം. ന്യായാന്യായങ്ങളും സത്യാസത്യങ്ങളും ചിക്കിച്ചികഞ്ഞുള്ള തർക്കങ്ങളിൽ സമുദായം അഭിരമിച്ചുകളയും എന്ന് ദീർഘദർശനം ചെയ്തതു കൊണ്ടാവാം, തർക്കിക്കുന്നത് സത്യത്തിന് വേണ്ടിയാണെങ്കിലും എന്ന് പ്രവാചകൻ കൂട്ടിച്ചേർത്തത്. സകല പരിധികളും ലംഘിച്ചുകൊണ്ടുള്ള തർക്കങ്ങളിൽ ആത്മഹർഷം കൊള്ളുന്ന എത്രയെത്ര ആളുകളാണ് നമുക്കിടയിൽ! 'ഞാൻ ന്യായമായ കാര്യത്തിന് വേണ്ടിയാണ് അങ്ങനെ ചെയ്തത്' എന്ന അവരുടെ അവകാശവാദത്തിന്റെ മുനയാണ് ഈ വചനം ഒടിച്ചു കളയുന്നത്. മത സംഘടകനൾ നടത്തുന്ന വാദപ്രതിവാദങ്ങളെയും തർക്കവിതർക്കങ്ങളെയും ഈ ഹദീസിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നത് നമുക്ക് പല ഉൾക്കാഴ്ചകളും നൽകിയേക്കും.

സ്വർഗത്തിന്റെ ഭവനം ലഭിക്കുമെന്ന് പ്രവാചകൻ വാക്ക് നൽകുന്ന രണ്ടാമത്തെയാൾ കള്ളം

പറയുന്ന ദുഃസ്വഭാവം ഒഴിവാക്കിയവനാണ്. അസത്യം പറയുന്നത് തമാശക്ക് വേണ്ടിയാണെങ്കിലും എന്നും കൂട്ടിച്ചേർക്കുന്നു. കളവു പറയുന്നത് കർശനമായി വിലക്കുന്നുണ്ട് ഇസ്‌ലാം. തമാശക്ക് വേണ്ടി കളവ് പറഞ്ഞാലും അതിന്റെ ഗൗരവം ഒട്ടും കുറയുന്നില്ല. "ജനങ്ങളെ ചിരിപ്പിക്കാൻ വേണ്ടി സംസാരത്തിൽ കളവ് പറയുന്നവന് നാശം" എന്ന തിരുവചനം കൂടി ഓർക്കുക. നിസ്സാരമെന്ന് കരുതപ്പെടുന്ന ഇത്തരം കളവുകളിലൂടെയാണ് പലപ്പോഴും വലിയ പാപങ്ങളിലേക്കുള്ള വഴി തുറക്കപ്പെടുക.

സ്വഭാവം നന്നാക്കുന്നവനാണ് സ്വർഗത്തിന്റെ ഉയർന്ന ഭാഗത്ത് ഭവനം ലഭിക്കുക. ആരാധനാകർമങ്ങൾ സ്വീകരിക്കപ്പെടാനുള്ള ഉപാധികളിലൊന്നായി പോലും സൽസ്വഭാവത്തെ പരിചയപ്പെടുത്തിയ ദർശനമാണ് ഇസ്‌ലാം. അന്ത്യദിനത്തിൽ ദൈവസന്നിധിയിൽ ഒരാളുടെ നന്മയുടെ തുലാസിൽ ഏറ്റവും കൂടുതൽ ഭാരം തൂങ്ങുന്നത് സൽസ്വഭാവമായിരിക്കുമെന്ന് തിരുമേനി(സ) പഠിപ്പിച്ചിട്ടുണ്ട്. വിശ്വാസികളിൽ ഈമാൻ പരിപൂർണമായവൻ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാണ് എന്ന പ്രവാചക വചനവും ശ്രദ്ധേയം. ■

**ഒ. അഷ്റഫ് പിണങ്ങോട്**

*(അവലംബം: ഇമാം നവവിയുടെ രിയാളുസ്സ്വാലിഹീൻ)*